# യെഹെസ്ക്കേൽ പ്രവാചകൻ

### ദേശത്തിന്റെ കാവൽക്കാരൻ (ദൈവം ശക്തനാക്കുന്നവൻ)

**വായനഭാഗം:** യെഹസ്ക്കേൽ 1:1-3, 2-3, 4:13, 5:1-5, 33:1-11, യിരെമ്യ 29:1-13

**മനഃപാഠം:** യെഹെസ്ക്കേൽ 33:7,8

**പാഠോദ്ദേശ്യം:** സമൂഹത്തിലെ സ്ഥാനമോ വലുപ്പമോ സ്വാധീനമോ നോക്കിയല്ല ദൈവ തന്റെ ശുശ്രൂഷകൾക്ക് ആളെ കണ്ടെത്തുന്നത്. ദൈവം തന്റെ ജനതയെ തന്റെ ശുശ്രൂഷകൾ നിവർത്തിക്കാൻ ഓരോ ഇടത്തിൽ ആക്കിവയ്ക്കുന്നു. അവർ അതാതിടങ്ങളിലെ കാവല്ക്കാരാണ്. ആ രീതിയിൽ അവരുടെ സേവനത്തിന് മേന്മ വളരെയുണ്ട്. പ്രവാസത്തിലായ യിസ്രായേലിന്റെ മദ്ധ്യേ ഒരു പ്രവാസിയായ യെഹെസ്ക്കേൽ ശുശ്രൂഷ ചെയ്യുന്നു. അവൻ ദൈവത്തിന് പകരം നിന്ന് അവരോട് സംസാരിക്കുന്നു.

**പ്രവാസകാലത്തെ പ്രവാചകൻ**

യിസ്രായേലിന്റെ ബാബേൽ പ്രവാസകാലത്ത് അവരുടെ ഇടയിൽ ശുശ്രൂഷ ചെയ്തുകൊണ്ടിരുന്ന ഒരു പുരോഹിതനായിരുന്നു യെഹെസ്ക്കേൽ പ്രവാചകൻ (1:13) ബാബിലോൺ രാജാവായ നെബുഖദ്നേസർ ബി.സി. 597-ൽ യെഹൂദയിൽനിന്ന് ബാബേലിലേക്ക് അടിമകളായി കൊണ്ടുപോയവരിൽ യെഹെസ്കേലും ഉൾപ്പെട്ടിരുന്നു. (2 രാജാ. 24) യെഹെസ്ക്കേൽ ഒരു പുരോഹിത കുടുംബത്തിൽ ബി.സി. 622-ൽ ജനിച്ചെന്നും ഏതാണ്ട് 25 വർഷം യെഹൂദയിൽ താമസിച്ചു എന്നും വിചാരിക്കുന്നു. അന്നത്തെ വൻ ശക്തിയായി അസ്സീറിയ ബി.സി. 607-ൽ ബാബിലോൺ രാജ്യത്തിനു കീഴടങ്ങിയതോടെ ബാബിലോൺ സാമ്രാജ്യവും ശക്തിയായി. ഈജിപ്റ്റിനും പടിഞ്ഞാറൻ രാജ്യങ്ങളിൽ കുറെ അധികാരം ഉണ്ടായിരുന്നു. യിരെമ്യാവ്, ദാനിയേൽ, യെഹെസ്ക്കേൽ ഇവർ ഒരേ കാലത്ത് ജീവിച്ചവരാണ്. എന്നാൽ യിരെമ്യാവ് മറ്റിരുവരേക്കാൾ പ്രായമുള്ളവനും അവരുടെ പ്രവാചകഗുരുവുമായിരുന്നു എന്നു കരുതുന്നു. ദാനിയേലും യെഹെ

# Prophet Ezekiel

## The Watchman over the Land (God who Strengthens)

**Portion to read:** Ezekiel 1:1-3; 2; 3; 4:13; 5:1-5; 33:1-11; Jeremiah 29:1-13

**Memory Verse:** Eze. 33:7,8

*So thou, O son of man, I have set thee a watchman unto the house of Israel; therefore thou shalt hear the word at my mouth, and warn them from me. When I say unto the wicked, O wicked man, thou shalt surely die; if thou dost not speak to warn the wicked from his way, that wicked man shall die in his iniquity; but his blood will I require at thine hand.*

**Objective:** When God appoint people to His ministry, He does not look at the position or influence of the person appointed. But God appoints his people to do his services at various places. They are the watchmen of their region. Therefore the service of God's people is precious for that region. When Israel was in exile, one of the Jews in exile – Ezekiel – did God's service for them, standing in between God and Israel. He stands for God in front of his people.

**Prophet in Exile**

Ezekiel was a priest who served Israel, during their exile in Babel (1:13). He was one of the Jews, who were taken to Babylon, by Nebuchadnezzar in BC 597 (2 Kings 24). It is believed that Ezekiel was born in BC 622, in a Levite family and that he lived for 25 years in Judah. In BC 607, Assyria, one of the mighty nations was defeated by Babylon, which became a world empire.

സ്ക്കേലും ഏകദേശം സമപ്രായക്കാരായിരുന്നു. യെഹെസ്ക്കേൽ ബാബേലിൽ പ്രവാസിയായി ചെല്ലുന്നതിന് ഏകദേശം 9 വർഷം മുമ്പ് ദാനിയേൽ പ്രവാസിയായി ബാബേലിലേക്ക് പോയിരുന്നു. (ബി.സി. 606) ദാനിയേൽ രാജകീയ ഗൃഹത്തിൽ താമസിച്ച് പ്രവാസികളുടെ പ്രവാചകനായി ശുശ്രൂഷിച്ചപ്പോൾ യെഹെസ്ക്കേലും പ്രവാസിയായി പ്രവാസികളുടെ ഇടയിൽ താമസിച്ചു ശുശ്രൂഷിച്ചു പോന്നു. യെഹെസ്ക്കേലിന്റെ താമസസ്ഥലം യുഫ്രട്ടീസ് ടൈഗ്രീസ് നദികളുടെ തീരത്തുള്ള ബാബേൽ നഗരത്തിന് കുറെ മേൽഭാഗത്തു (ഏകദേശം 50 മൈൽ) ഈ നദിയിൽനിന്നും ജലസേചനത്തിനോ ഗതാഗതത്തിനോ വെട്ടിയുണ്ടാക്കിയ 'കെബാർ' എന്ന തോടിന്റെ സമീപത്തായിരുന്നു. ആ പ്രദേശത്തിന് സമീപം അവർ ഉണ്ടാക്കിയ പ്രത്യേക കോളനിയാണ്. 'ടെൽഅബീബ്' താൻ ജീവിച്ചതും മരിച്ചതും അവിടെയാണെന്ന് വിചാരിക്കുന്നു (3:15) യെഹെസ്ക്കേൽ വിവാഹിതനായിരുന്നു (24:18)

യിസ്രായേൽക്കാർ അന്യദൈവത്തിങ്കലേക്ക് തിരിഞ്ഞപ്പോൾ ഇതുപോലെ പ്രവാസികളായി പീഡിപ്പിക്കപ്പെടുമെന്നു 100 വർഷം മുമ്പു മുതൽ മുന്നറിയിപ്പു നൽകിയതാണ്. (യെശ. 36:6, മീഖ. 4:10, യിര. 25;11,12) അവർ അതനുസരിക്കാഞ്ഞതിനാൽ ദൈവം അവരെ പ്രവാസത്തിന് അനുവദിച്ചു. പ്രവാചകനായ യിരെമ്യാവും പലരൂപത്തിൽ മുന്നറിയിപ്പ് നൽകി. അവർ പ്രവാസികളായിരിക്കുമ്പോഴും അവരുടെ മാനസാന്തരത്തിന് യിരെമ്യാവ് യെഹൂദയിൽ നിന്നും പ്രവചനം എഴുതി ബാബേലിലേക്ക് അറിയിച്ചു. അവർ അവിടെ 70 വർഷം കഴിയണമെന്നും അനന്തരം ദൈവം വിടുവിക്കുമെന്നുമായിരുന്നു അതിന്റെ താല്പര്യം. എന്നാൽ യിരെമ്യാവിനെ അനാദരിക്കുവാൻ പ്രവാസികളിൽ കള്ളപ്രാവചകന്മാർ എഴുന്നേറ്റ് യിസ്രായേല്യർക്ക് വിടുതൽ ഉടനെ ഉണ്ടാകുമെന്ന് പ്രവചിച്ച് ജനങ്ങളെ അനുതാപത്തിൽ നിന്നും പിൻതിരിപ്പിച്ചുകൊണ്ടിരുന്നു. ഈ വിഷമം നിറഞ്ഞ പരിതസ്ഥിതിയിലാണ് ദൈവം യെഹെസ്ക്കേലിനെ യിരെമ്യാവിന്റെ പിൻഗാമിയായിരിപ്പാൻ വിളിച്ചത്.

യെഹെസ്ക്കേലിനെ വിളിക്കുന്നതിന് പ്രവാസത്തിന്റെ 5-ാം ആണ്ടിലാണ്. താൻ ഒടുവിൽ ശുശ്രൂഷയുടെ ആണ്ടു പറഞ്ഞിരിക്കുന്നത് 27-ാം ആണ്ട് എന്നാണ്. അങ്ങനെ 5 മുതൽ 27 വരെ 22 വർഷവും

Still Egypt and the western nations has some autonomy and power. Jeremiah and Daniel were contemporaries of Ezekiel. But it is considered that Ezekiel was much older than both and was like a teacher to them. Jeremiah and Daniel were of the same age. Daniel had gone into exile to Babylon in BC 6060, about 9 years before Ezekiel became an exile to Babylon in BC 597. Daniel stayed in the palace and served as a prophet, while Ezekiel lived among the people, as a common man in exile, and served as a prophet. Ezekiel lived near River Chebar, which was a branch of River Euphrates, which surrounded Babel. Chebar was about 50 miles north to Euphrates. Tel Abib was a colony made by the people in exile, near River Chebar. It is believed that he lived and died in Tel Abib (3:15). He was a married man (24:18).

God had warned his people about the exile, even 100 years before they turned to other gods (Isa. 36:6; Micah 4:10; Jere. 25:11-12). But the people didn't take heed and God had to sent them into exile. Even while they were in exile, Jeremiah wrote and send prophecies from Judah to Babel. He made them know that they would have to suffer exile for 70 years and then God would save them. But false prophets arose among the people, who despised the words of Jeremiah, saying 'God will save them in the near future' and thus never allowed the people into true repentance. It was in these troublesome situations that God called Ezekiel as a prophet following in the footsteps of Jeremiah. Ezekiel was called to be a prophet in the 5th year of his exile. His last prophecy is said to be in the 27th year of exile. So he served for about 22 years as a prophet – from 5th year to 27th year of exile (29:16).

താൻ പ്രവാചക ശുശ്രൂഷ ചെയ്തു എന്നു നമുക്കു വിചാരിക്കാം (29:16).

യെഹെസ്ക്കേലിന്റെ ശുശ്രൂഷ പലതുകൊണ്ടും സവിശേഷതകളുടെ ശുശ്രൂഷയാണ്. താൻ പ്രതീകങ്ങളിൽ കൂടിയും ദർശനങ്ങളിൽ കൂടിയും ഉപമകളിൽ കൂടിയും പദ്യങ്ങളിൽ കൂടിയും സദൃശ്യങ്ങളിലും പ്രവചനങ്ങളിലും കൂടിയും ജനഹൃദയങ്ങളെ വശീകരിച്ച് ദൈവനിർദ്ദേശങ്ങളും പ്ലാനുകളും അറിയിച്ചുവന്നു. യെഹെസ്ക്കേൽ ഒരു തികഞ്ഞ കലാകാരൻ തന്നെയായിരുന്നു. യെഹസ്ക്കേൽ, ദാനിയേൽ ഇവർ ഉന്നതകുലജാതന്മാരായിരുന്നു. 2 ദിന. 36:6,7 ദാനി. 1:1-3, 2 രാജാ. 14:16.

**ജീവിത പ്രാരംഭഘട്ടം**

ബി.സി. 622-മാണ്ടിടയ്ക്ക് ഒരു പുരോഹിത കുടുംബത്തിൽ ജാതനായ യെഹെസ്ക്കേലിനെ ദൈവിക ശുശ്രൂഷക്കായി ദൈവം വേർതിരിക്കാനുദ്ദേശിച്ചു. അതു താൻ പ്രവാസത്തിലായിരുന്ന കാലത്ത് ദൈവം നിർവ്വഹിക്കുകയും ചെയ്തു. യെഹെസ്ക്കേലിന്റെ പുരോഹിത പാരമ്പര്യത്തിൽ വളർന്നുവന്ന സാഹചര്യം അവനെ ദേവാലയത്തെക്കുറിച്ചും അതിന്റെയും പുരോഹിതന്മാരുടെയും ശോച്യസ്ഥിതിയെക്കുറിച്ചും ദൈവജനങ്ങളുടെയും പിന്മാറ്റത്തെക്കുറിച്ചും കൂടുതൽ ചിന്തിച്ചിരിക്കണം. തനിക്കു മുമ്പേ അടിമകളാക്കപ്പെട്ടവരെയും കുറിച്ച് അവൻ ചിന്തിച്ചു ദുഃഖിച്ചു തങ്ങളുടെ കോളനിയിൽ 'ടെൽഅബീബിൽ' താമസിച്ചുപോന്നു. ഈ അടിമകൾക്ക് മാന്യമായ ചില അനുകൂല്യങ്ങൾ രാജാവും അനുവദിച്ചിരുന്നു. അവർ സകുടുംബം ജീവിക്കുന്നതിനും തൊഴിൽ ചെയ്യുന്നതിനും എല്ലാം സ്വാതന്ത്ര്യം അനുവദിച്ചിരുന്നു.

**യെഹസ്ക്കേലിന്റെ വിളി**

യിരെമ്യാവിന്റെ പ്രവചനത്തെ ജനങ്ങൾ തള്ളി. അവർ കള്ള പ്രവചനങ്ങളിൽ വിശ്വസിച്ചിരുന്ന കാലത്ത് പുരോഹിതനായെ യെഹെസ്ക്കേലിന് ദൈവത്തിന്റെ വിളിയുണ്ടായി. അത് അവന്റെ പ്രവാസത്തിന്റെ 5-ാം വർഷം ആയിരുന്നു. (1:2) അന്ന് യെഹെസ്ക്കേലിന് 30 വയസ്സ് പ്രായം ഉണ്ടായിരുന്നു. പുരോഹിതൻ ശുശ്രൂഷയ്ക്ക് പ്രവേശിക്കേണ്ട പ്രായവും അതുതന്നെയായിരുന്നു. (സംഖ്യ 4:23) പ്രവാസത്തിലിരുന്ന സഹവൃന്ദങ്ങളുടെ കാവൽക്കാരനായിരിക്കാനായിരുന്നു അവനെ ദൈവം നിയോഗിച്ചത്.

Ezekiel's ministry was unique in many respects. He conveyed God's message to people through symbols, visions, parables, poems, allegories and prophecies. He was a perfect artist. Ezekiel and Daniel were from highly esteemed families (2 Chro. 36:6, 7; Dan. 1:1-3; 2 Kings 24:14-16).

**First Phase of His Life**

Ezekiel was born in a Levite family in BC 622. God had foreseen him as a prophet and he accomplished it during the period of exile. Since Ezekiel was brought up in a priestly background, he might have deeply thought about the pathetic state of the Lord's temple, the priests and the people who were already taken as captives to Babylon by Nebuchadnezzar, before him. Later he was also taken as captive to Babylon and they settled in Tel Abib. The king had given them some freedom and they could do their own work and live along with their families.

**Ezekiel's calling**

When the people in exile, rejected Jeremiah's words and turned to false prophets, God called Ezekiel. It was in the $5^{th}$ year of his exile. He was 30 years old then. It was the age required for a priest to enter into his official post (Num. 4:23). But God appointed him to be the watchman of his fellowmen.

**Ezekiel, the Watchman**

God authorized Ezekiel to be like a watchman to the people of Israel and to warn them of their sins, the danger that is coming, and to counsel them to repent. (In ancient times, each city was surrounded by walls on 4 sides. During the night, watchmen were appointed on the walls.

**യെഹെസ്ക്കേൽ കാവൽക്കാരൻ**

33:7 യിസ്രായേൽ ജനത്തിന് കാവൽക്കാരനായി വരുവാനുള്ള ആപത്ത് വിളിച്ചറിയിക്കാനും, അവരുടെ അധർമ്മത്തെ വിട്ടു തിരിയുവാൻ ഉപദേശിക്കുവാനും തന്നെ ചുമതലപ്പെടുത്തി (പൂർവ്വകാലത്ത് നാലുവശത്തും മതിലുകളാൽ ചുറ്റപ്പെട്ട നഗരങ്ങളെ രാപ്പകൽ കാവൽ ചെയ്യുന്നതിന് കാവൽക്കാർ ഉണ്ടായിരുന്നു. അവർ ആ കൃത്യം വളരെ ശുഷ്കാന്തിയോടെ ചെയ്താൽ നഗരം ശത്രുക്കളിൽനിന്ന് രക്ഷപ്പെടും. ഉദാസീനരായാൽ നഗരം നശിക്കും. കാവൽക്കാരൻ മുന്നറിയിപ്പു നൽകിയിട്ട് നഗരം തയ്യാറായില്ലെങ്കിൽ അതിൽ കാവൽക്കാരനിൽ അകൃത്യം ഒന്നും ഉണ്ടായിരിക്കുകയില്ല.) നമ്മെയും നമ്മുടെ സ്ഥലങ്ങൾക്ക് ദൈവം കാവൽക്കാരനായി വെച്ചിരിക്കുന്നു. നാം കൃത്യത്തിൽ ഉൽസുകരോ?

**യെഹെസ്ക്കേലിന്റെ ശുശ്രൂഷ**

യിരെമ്യാവ് വിളംബരം ചെയ്ത ദൂതുകൾ യെഹസ്ക്കേലും തുടർന്നു. യിസ്രായേൽഗൃഹം തന്റെ വാക്കു കേൾക്കാഞ്ഞതിനാൽ അവനെ ഒരു അടയാളമായി ദൈവം നിയമിച്ചു. (12:6) ദൈവത്തിന്റെ ദൂതുകൾ അറിയിക്കാനും ദൈവത്തിനുവേണ്ടി ഊമനായിരിപ്പാനും ദൈവം കല്പിച്ചു. (3:26,27) താൻ യെരുശലേമിനും ജനതയ്ക്കും വരാൻ പോകുന്ന ആപത്തുകൾ അടയാളങ്ങളിൽകൂടെ അവരെക്കാണിച്ച് ശ്രദ്ധ ആകർഷിച്ചു. 4:1. യെരുശലേമിന്റെ നാശം ഇഷ്ടികമേലതിന്റെ രൂപം ഉണ്ടാക്കി പ്രദർശിപ്പിച്ചു. 4:3, 4 ഇവ നോക്കുക.

അനന്തരം പ്രവാചകന്മാരുടെ രീതിക്ക് വിപരീതമായി തന്റെ തലയും മുഖവും ക്ഷൗരം ചെയ്ത് അവരുടെ ശ്രദ്ധയെ ആകർഷിച്ചു. പിന്നീട് ക്ഷൗരം ചെയ്തു കളഞ്ഞ രോമം മൂന്നായി തൂക്കി ഭാഗിച്ച് (5:1–5) 1/3 തീവച്ചു ചുട്ടു ബാക്കി 1/3 വാൾകൊണ്ടു അടിച്ചു. 1/3 കാറ്റത്തു പറത്തിക്കളഞ്ഞു. ഇത് യിസ്രായേലിന് ബാബേൽ രാജാവിൽനിന്നും വരാൻ പോകുന്ന അനുഭവങ്ങളാണെന്ന് അറിയിച്ചു.

കൂടാതെ തന്റെ ഭാര്യയും പെട്ടെന്ന് മരിച്ചു. ദൈവം മുന്നറിയിപ്പു നൽകിയതുപോലെ പ്രവാചകൻ കരഞ്ഞില്ല. ഇതും യിസ്രായേലിനു ഒരു അടയാളമായി കൊടുത്തു. ഇങ്ങനെയുള്ള വിഷമ സാഹചര്യങ്ങളിൽ പ്രവാചകനെ ദൈവം നില

They were supposed to inform the people of any attack from the enemy. If the watchmen were alert, the city would be safe. If the watchmen warned and the people did not respond, then the watchmen would not be responsible for the blood of the people). God has appointed us as the watchmen of our locality. Are we alert or are we interested in sin?

**Ezekiel's Ministry**

Ezekiel announced the same message that Jeremiah was preaching. But since the people didn't hear the word, God set Ezekiel as a sign for them (12:6). God commanded him to say the messages for him and to remain dumb (3:26, 27).

He attracted people's attention through symbols and alerted them about the dangers to come (4:1). He demonstrated the destruction of the temple in Jerualem, by making models with clay tablets to attract people's attention (4:3,4).

Later he shaved his head and face, contrary to the usual appearance of a prophet, to attract the attention of the people. Then he weighed and divided the shaven hair. He burned1/3rd, struck 1/3rd with the sword and scattered 1/3rd in the wind. This was done to signify the destruction that was to come upon Israel from the king of Babylon.

Moreover, his wife also died. But he didn't cry, as the Lord had informed him earlier, and set it as asign for israel. Godupheld his servant in all these difficult circumstances, by the help of his "cloud" (presence). God's hand was also with him. We also need all these for our life's success. We should also notice the phrase, "Thus says the Lord God". He had nothing of his own to tell, but what God spoke, he told to

നിർത്തി സഹായിച്ചത് തന്റെ 'മേഘം' (സാന്നിദ്ധ്യം) നൽകിയാണ്. ദൈവത്തിന്റെ കൈയ്യും അവനോടു കൂടി ഉണ്ടായിരുന്നു. നമ്മുടെ ജീവിത വിജയത്തിനും ആവശ്യം ഇതുമാത്രമാണ്. 'യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു' എന്ന പദപ്രയോഗം നാം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. അവന് ജനത്തെ ഒന്നും അറിയിക്കുവാനില്ലായിരുന്നു. എന്നാൽ യഹോവയ്ക്കു പറയാനുള്ളത് മാത്രം അവൻ പ്രസ്താവിച്ചു. അതിനാൽ ലജ്ജിക്കേണ്ടി വന്നില്ല.

യെഹെസ്ക്കേലിന്റെ ശുശ്രൂഷയെ മൂന്നു ഘട്ടങ്ങളിലായി തരംതിരിക്കാം. 1. യെരുശലേമിന്റെ നാശത്തിന് മുമ്പുള്ള പ്രവചനങ്ങൾ 1–24 വരെ അദ്ധ്യായങ്ങൾ. 2. യെരുശലേമിന്റെ നാശം പ്രവാസം 25 –32 വരെ. 3. പ്രവാസത്തിനു ശേഷമുള്ള കാലത്തെക്കുറിച്ചുള്ളവ 33–34 വരെ. അവരുടെ മടങ്ങിവരവിനെക്കുറിച്ചും അതോടുകൂടി യെഹൂദയുടെ ശത്രുക്കൾക്ക് ഉള്ള ശിക്ഷാവിധിയെക്കുറിച്ചും പ്രവചിച്ചിരുന്നു.

**ജീവിതസായാഹ്നം**

ദൈവശുശ്രൂഷകൾ നിറപടിയായി നിവർത്തിച്ചുകൊണ്ട് ദൈവത്തിന്റെ ഉത്തമ കാവൽക്കാരനായി ഏകദേശം 52 വയസ്സുവരെ താൻ ജീവിച്ചിരുന്നതായി നാം മനസ്സിലാക്കുന്നു. അവന്റെ മരണത്തെക്കുറിച്ചും മറ്റും നമുക്ക് വിശദമായി ഒന്നും അറിവായിട്ടില്ല. എങ്കിലും തന്റെ പ്രവാസകാലത്ത് ബാബേലിൽ ടെൽ അബീബിൽവച്ചു മരിച്ചു. അവിടെതന്നെ സംസ്കരിക്കുകയും ചെയ്തതായി വിചാരിക്കുന്നു.

**ചോദ്യങ്ങൾ**

1. അർത്ഥം എഴുതുക. യെഹസ്ക്കേൽ
2. യെഹെസ്ക്കേലിനും ഒരു കാവൽക്കാരന്റെ ശുശ്രൂഷ നൽകി. എങ്ങനെ താൻ യിസ്രയേൽ ജനതയ്ക്ക് കാവൽക്കാരനായിരുന്നു?
3. യെഹെസ്ക്കേലിന്റെ ശുശ്രൂഷയുടെ പ്രത്യേകതകൾ ഏവ?
4. യെഹസ്ക്കേലിന്റെ ശുശ്രൂഷയെ എത്ര ഘട്ടമായി വിഭാഗിക്കും? അവ ഏവ?
5. "നിങ്ങൾ ദേശത്തിന്റെ കാവൽക്കാരനാണ്" ഇങ്ങനെ പറഞ്ഞാൽ എന്താണ് മനസ്സിലാക്കുന്നത്? ടീച്ചറോടും മാതാപിതാക്കളോടും സഭയിലെ പാസ്റ്ററോടും സംസാരിച്ചു നോക്കുക.

the people. Therefore he never had to be put to shame.

Ezekiel's ministry can be divided into 3 phases: i) Prophecies about the period before the destruction of Jerusalem (Chapters 1-24); ii)prophecies about the destruction of the temple at Jerusalem (chapters 25-32); and iii) prophecies about the period after the destruction of jerusalem (chapters 33-48). Ezekiel had prophecied about the return of Israel from exile and the last judgement that was to come over the enemies of Judah.

**His Last Days**

We understand that Ezekiel served as a faithful watchman of God for about 52 years. Though nothing is known about his death, it is believed that he died and was buried in Tel Abib.

**Questions**

1. Write meaning of the following: Ezekiel
2. How was Ezekiel a watchman of Israel?
3. What were the unique features of Ezekiel's ministry?
4. Which are the different phases of the ministry of Ezekiel?
5. What do you understand from the statement – "You are the watchman for the land"? Talk to your teacher, parents and the pastor about it.